**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 974** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജനവാസ മേഖലയിലെ വന്യജീവി സാന്നിധ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാടിറങ്ങുന്ന വന്യമൃഗങ്ങൾ ജനവാസ മേഖലയിലേക്ക് കടന്നു കയറി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുമ്പോഴും ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ വനം വകുപ്പിൽ നിലവിലില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | (എ) | വന്യജീവികൾ വനത്തിനോട് ചേർന്നുള്ള ജനവാസമേഖലകളിൽ ഇറങ്ങി ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുമ്പോഴും ഫലപ്രദമായ പ്രതിരോധ സംവിധാനങ്ങൾ വനം വകുപ്പിൽ നിലവിലില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1. സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.<br>2. വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പതിനഞ്ച് റാപ്പിഡ് റെസ്പോൺസ് ടീമുകളാണ് നിലവിൽ ഉള്ളത്. ആയവ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ, കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു.<br>3. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് |

സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

4. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ 03.01.2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2/2017/വനം പ്രകാരം രൂപികരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നു. ടി സമിതികൾ അടിയന്തരസാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് രണ്ട് മാസത്തിലൊരിക്കൽ യോഗം കൂടി കാര്യങ്ങൾ വിലയിരുത്തുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശുപാർശകൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകി വരികയും ചെയ്യുന്നുണ്ട്.
5. കൃഷിയിടങ്ങളിലേക്കിറങ്ങുന്ന കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കങ്കി സ്വകാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്.
6. ജനവാസ മേഖലയിലിറങ്ങുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം അവയെ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്.
7. ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ചു കൊല്ലുന്നതിന് നിലവിൽ ചീഫ് വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഡെലിഗേറ്റ് ചെയ്തുകൊണ്ട് സ.ഉ.(സാധാ) 239/2022/വനം തീയതി 31.05.2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2023 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ച് കൊണ്ട് സ.ഉ.(കൈ) 11/2023/വനം തീയതി 27.05.2023 പ്രകാരം സർക്കാർ ഉത്തരവ്

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ 30.05.2023-ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജനവാസ മേഖലയിലെ വന്യജീവി സാന്നിധ്യത്തെ പ്രതിരോധിക്കാൻ എത്ര കോടി രൂപ അനുവദിച്ചു; പ്രസ്തുത തുക എപ്രകാരം ചെലവഴിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവികൾ ജനവാസ മേഖലയിൽ ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിനായി 6,208.55 ലക്ഷം രൂപ അനുവദിച്ചതിൽ 5715.81 ലക്ഷം രൂപ ചെലവഴിച്ചു. |
| (സി) | വനത്തിനുള്ളിൽ ആവാസവ്യവസ്ഥ പുനസ്ഥാപിക്കുവാനായി വനം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം ; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; | (സി) | വനത്തിനുള്ളിൽ ആവാസവ്യവസ്ഥ പുനസ്ഥാപിക്കുവാനായി അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം ഏകവിള തോട്ടങ്ങൾ മുറിച്ചുനീക്കി ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷയിനങ്ങൾ നട്ടുപിടിപ്പിച്ചുവരുന്നു. മുള, ഈറ തുടങ്ങിയ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് വന്യജീവികൾക്ക് ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികളിൽ VSS, EDC-കളെയും ഉൾപ്പെടുത്തി വന്യജീവികളുടെ ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിനുവേണ്ടി 2,034.55 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | വന്യമൃഗങ്ങൾ കാരണം കൃഷി നഷ്ടം വന്നവർക്ക് ധനസഹായം അനുവദിക്കാറുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈയിനത്തിൽ എത്ര രൂപ നൽകിയെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ? | (ഡി) | വന്യമൃഗങ്ങൾ കാരണം കൃഷി നഷ്ടം വന്നവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈയിനത്തിൽ നൽകിയ തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | തിരുവനന്തപുരം | 16.64 |
| 2. | കൊല്ലം | 49.68 |
| 3. | പത്തനംതിട്ട | 52.07 |
| 4. | കോട്ടയം | 9.84 |
| 5. | ഇടുക്കി | 50.99 |
| 6. | എറണാകുളം | 72.06 |
| 7. | തൃശ്ശൂർ | 61.57 |
| 8. | മലപ്പുറം | 74.03 |
| 9. | പാലക്കാട് | 138.81 |
| 10. | വയനാട് | 293.75 |
| 11. | കോഴിക്കോട് | 175.94 |
| 12. | കണ്ണൂർ | 90.78 |
| 13. | കാസർഗോഡ് | 37.58 |
| | ആകെ | 1123.74 |